COCHIN DEVASWOM BOARD
Round North, Thrissur – 680 001
PH: 2331124, 2327028
E-mail. admin @cochindevaswomboard.org

No. R.7615/2024 Dated: 19/02/2025

# പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഉടമസ്ഥതയിലുള്ള കിഴക്കെ പള്ളിത്താമം ഗ്രൗണ്ട് കൈലാസം കെട്ടിടത്തിന്റെ കിഴക്ക് വശം 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 കൂടിയുള്ള കാലയളവിൽ ട്രേഡ്ഫെയർ/പാർക്കിംഗ്/മറ്റ് കച്ചവടങ്ങൾ നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. സീൽ ചെയ്ത ടെണ്ടറുകൾ 03/03/2025 ന് 3 പി.എം ന് മുമ്പായി ക്വാട്ട് ചെയ്യുന്ന സംഖ്യയുടെ 2.5% നിരതദ്രവ്യമായി കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്നവിധം ഉള്ള ഡി.ഡി സഹിതം തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ അന്നേ ദിവസം 3.30 പി.എം ന് ഹാജരുള്ള ടെണ്ടർ സമർപ്പിച്ച വ്യക്തികളുടെ സാന്നിധ്യത്തിൽ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെ/സ്ഥാപന ത്തിന്റെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതുമാണ്. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ടെണ്ടർ ലഭിക്കുന്ന വ്യക്തി ടെണ്ടർ സംഖ്യക്ക് പുറമെ നിയമാനുസൃത ജി.എസ്.ടി യും അടക്കേണ്ടതാണ്. ട്രേഡ്ഫെയർ നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും ടെണ്ടർ ലഭിച്ച വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ചെയ്യേണ്ടതും, ടെണ്ടർ കാലാവധി കഴിയുന്ന മുറയ്ക്ക് സ്ഥലം ഒഴിവാക്കി സ്ഥലം പൂർവ്വസ്ഥിതിയിലാക്കി കൊച്ചിൻ ദേവസ്വം ബോർഡിനെ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. ടെണ്ടർ ലഭിക്കുന്ന വ്യക്തി താഴെ പറയുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി നിയമാനുസൃത മുദ്രപേപ്പറിൽ കരാർ തയ്യാറാക്കി ഒപ്പ് വച്ച് ഈ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ അസാധുവാക്കുന്നതിനും, വേണ്ടെന്ന് വക്കുന്നതിനും മറ്റു യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥയ്ക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ് ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

**നിബന്ധനകൾ**

1. എടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണവും വാടകയും ആവശ്യമെന്തെന്ന വിവരവും ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്.

2. ടെണ്ടർ സമർപ്പിക്കുന്ന വ്യക്തികൾ ക്വാട്ട് ചെയ്യുന്ന സംഖ്യയ്ക്ക് പുറമേ നിയമാനുസൃത ജി.എസ്.ടി യും അടക്കേണ്ടതാണ്.

3. ട്രേഡ്ഫെയർ/പാർക്കിംഗ്/മറ്റ് കച്ചവടങ്ങൾ എന്നിവ നടത്തുന്ന സ്ഥലത്തേയ്ക്ക് ആവശ്യമായ വൈദ്യുതി, വെള്ളം, വെളിച്ചം എന്നിവ ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്.

4. ട്രേഡ്ഫെയർ/പാർക്കിംഗ്/മറ്റ് കച്ചവടങ്ങൾ എന്നിവ നടത്തേണ്ടതിനാവശ്യമായ വിവിധ സർക്കാർ/ അർദ്ധസർക്കാർ വകുപ്പുകളിൽ നിന്നും മറ്റുസ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ടതായ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ, അനുമതി പത്രങ്ങൾ എന്നിവ ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചെലവിലും ഉത്തവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്.

5. ടെണ്ടർ കൊണ്ട വ്യക്തി ട്രേഡ്ഫെയർ/എക്സിബിഷൻ നടത്തുന്ന സ്ഥലം 3-ാം പാർട്ടിക്ക് ക്ലെയിം അടക്കം കിട്ടുന്ന രീതിയിൽ പ്രകൃതിക്ഷോഭം അടക്കം ഇൻഷ്യൂർ ചെയ്ത് പോളിസി കൊച്ചിൻ ദേവസ്വം ബോർഡ് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

6. ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് കൊണ്ട് മാത്രം ട്രേഡ്ഫെയർ/എക്സിബിഷൻ നടത്തേണ്ടതാണ്.

7. മൈതാനം പരിപൂർണ്ണമായും മാലിന്യവിമുക്തമാക്കികൊണ്ട് കച്ചവടം നടത്തേണ്ടതും മാലിന്യങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും, നിയമപ്രകാരവും നീക്കം ചെയ്യേണ്ടതാണ്. മാലിന്യം നീക്കം ചെയ്യുന്നതിന് എന്തെങ്കിലും വീഴ്ച്ചകൾ സംഭവിച്ച് കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ ആയതിന് കൊച്ചിൻ ദേവസ്വം ബോർഡ് ഉത്തരവാദി ആയിരിക്കില്ല. അത്തരത്തിൽ കൊച്ചിൻ ദേവസ്വം ബോർഡിന് ഉണ്ടാകുന്ന നഷ്ടം ടെണ്ടർ കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.

8. ടെണ്ടർ കൊണ്ട വ്യക്തി ശബ്ദമലിനീകരണ നിയമം അനുശാസിച്ച് പ്രവർത്തിക്കേണ്ടതാണ്.

9. ദേവസ്വം ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രമേ ട്രേഡ്ഫെയർ/എക്സിബിഷൻ നടത്തുവാൻ പാടുള്ളൂ.

10. ദേവസ്വം ഉദ്യോഗസ്ഥർക്ക് പ്രദർശനം നടത്തുന്ന സ്ഥലത്തേയ്ക്ക് പരിശോധനയ്ക്ക് എപ്പോഴും പ്രവേശിക്കാവുന്നതും അവർക്ക് പരിശോധനയ്ക്ക് വേണ്ട എല്ലാ സൗകര്യങ്ങളും സ്ഥലം ലൈസൻസിനെടുക്കുന്ന ആൾ ചെയ്തു നൽകേണ്ടതാണ്.

11. നിശ്ചിത കാലാവധിക്കു ശേഷം 5 ദിവസത്തിനു ശേഷം മൈതാനം പൂർണ്ണമായും മാലിന്യ വിമുക്തമാക്കി സ്ഥലം പൂർവ്വസ്ഥിതിയിലാക്കി കൊച്ചിൻ ദേവസ്വം ബോർഡിനെ ബോധ്യപ്പെടുത്തേണ്ടതും ആയതിന് ശേഷം നിരതദ്രവ്യമായി അടച്ച സംഖ്യ പലിശ രഹിതമായി തിരികെ നൽകുന്നതാണ്.

12. മൈതാനത്ത് സ്റ്റാൾ നിർമ്മാണം ഒഴിച്ചുള്ള പ്രവൃത്തികൾ അല്ലാതെ മറ്റ് യാതൊരുവിധ സ്ഥിരനിർമ്മാണ പ്രവർത്തികളും നടത്തുവാൻ പാടില്ലാത്തതും, ഭൂമി രൂപമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. മൈതാനത്ത് ചെയ്യാൻ പോകുന്ന സ്റ്റാൾ നിർമ്മാണം സംബന്ധിച്ച് കൊച്ചിൻ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരെ മുൻകൂട്ടി ബോധ്യപ്പെടുത്തേണ്ടതാണ്.

13. ഏതെങ്കിലും കാരണവശാൽ ടെണ്ടർ കൊണ്ട വ്യക്തി ടെണ്ടറിൽ നിന്നും പിൻമാറുന്ന പക്ഷം നിരതദ്രവ്യമായി അടച്ച സംഖ്യ തിരികെ ലഭിക്കുന്നതല്ല. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം കൂടി ടി ഗ്രൗണ്ടിൽ ടെണ്ടർ ലഭിച്ച വ്യക്തി ഒരുക്കേണ്ടതാണ്.

14. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കൊച്ചിൻ ദേവസ്വം ബോർഡ് ഉത്തരവാദി ആയിരിക്കുന്നതല്ല.

15. ടെണ്ടർ കൊണ്ട വ്യക്തി ടെണ്ടർ ഉറപ്പിച്ച് കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉത്തരവ് കൈപ്പറ്റി ഉത്തരവിൽ പറയുന്ന തിയ്യതികളിൽ ഉത്തരവിൽ കാണിച്ച പ്രകാരം സംഖ്യയും, നിയമാനുസൃത ജി.എസ്.ടിയും ചേർത്ത് അടക്കേണ്ടതാണ്.

16. ട്രേഡ്ഫെയർ/പാർക്കിംഗ്/മറ്റ് കച്ചവടങ്ങൾ എന്നിവ നടത്തുന്നതുമായി ബന്ധപ്പെട്ട് മൈതാനതിന് അകത്തുള്ള സ്ഥാവര ജംഗമ വസ്തുകൾക്ക് യാതൊരുവിധ നാശനഷ്ടവും വരുത്താൻ പാടുള്ളതല്ല.

17. ടെണ്ടർ കൊണ്ട വ്യക്തി മേൽ കാണിച്ച നിബന്ധനകൾ ഉൾപ്പെടുത്തി ഒരു കരാർ നിശ്ചിത മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പ് വച്ച് നൽകേണ്ടതാണ്.

18. ട്രേഡ്ഫെയർ/പാർക്കിംഗ്/മറ്റ് കച്ചവടങ്ങൾ എന്നിവ നടത്തുന്നതിന് ടെണ്ടർ സമർപ്പിക്കുന്നവർ ഇതിനാവശ്യമായ ട്രേഡ് ലൈസൻസ്, ജി.എസ്.ടി സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മുതലായവ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

19. ടെണ്ടർ സഹിതം ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പും സമർപ്പിക്കേണ്ടതാണ്.

20. നിലവിൽ ടി ഗ്രൗണ്ടിനോട് ചേർന്നുള്ള കോംപ്ലക്സിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങൾ തടസ്സപ്പെടുത്താത്ത വിധവും ആക്ഷേപങ്ങൾക്ക് ഇടവരാതെയും ട്രേഡ്ഫെയർ/പാർക്കിംഗ്/മറ്റ് കച്ചവടങ്ങൾ എന്നിവ നടത്തേണ്ടതാണ്.

21. ടി ഗ്രൗണ്ടിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിശ്ചയിച്ചു നൽകുന്ന സ്ഥലത്ത് ടാങ്കുകളുള്ള ബയോ ടോയ്‌ലറ്റുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

22. ട്രേഡ്ഫെയർ/പാർക്കിംഗ്/മറ്റ് കച്ചവടങ്ങൾ എന്നിവയുടെ ഭാഗമായിട്ടുള്ള പാർക്കിങ്ങ് അനുവദിച്ചു നൽകിയ നിശ്ചിത സ്ഥലത്ത് മാത്രമേ പാടുള്ളൂ.

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്